3098
9/2/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- അരുവാക്കോട് തടി ഡിപ്പോയിൽ ചില്ലറ തടി വിൽപ്പനയിൽ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച അച്ചടക്ക നടപടിയിന്മേൽ ശ്രീ.കെ.കൃഷ്ണഗിരീശൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനരവലോകന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.426/2017/വനം തീയതി, തിരുവനന്തപുരം 13.11.2017

---

പരാമർശം :- 1) 23.04.2015 ലെ 10379/എ 2/2012/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

2) 31.03.2016 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(2)9193/14/ഗവി നമ്പർ കത്ത്

3) 24.06.2016 ലെ സ.ഉ.(സാധാ) നം.226/2016/വനം ഉത്തരവ്.

4) 18.09.2017 ൽ ശ്രീ.കെ.കൃഷ്ണഗിരീശൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനരവലോകന ഹർജി

## <u>ഉത്തരവ്</u>

അരുവാക്കോട് തടി ഡിപ്പോയിൽ ചില്ലറ തടി വിൽപ്പനയുടെ പേരിൽ ക്രമക്കേടുകൾ നടക്കുന്നു എന്ന പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ പത്രവാർത്തയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്നു കണ്ടെത്തുകയും ഈ ക്രമക്കേടുകൾക്കു കാരണക്കാരായി അരുവാക്കോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.കെ.കൃഷ്ണഗിരീശൻ, നെടുങ്കയം ഡിപ്പോ ഓഫീസറായിരുന്ന ശ്രീ.സുരേന്ദ്രൻ എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതര ക്രമക്കേടുകൾ ഉള്ളതായി ബോധ്യപ്പെട്ടു.

2) ശ്രീ.കെ.കൃഷ്ണഗിരീശനെതിരെയുള്ള കുറ്റങ്ങൾ താഴെ പറയുന്നു.

1) സ്വന്തം താമസത്തിനുള്ള വീട് നിർമ്മിക്കുന്നതിനായി പൊതുജനങ്ങൾക്ക് സർക്കാർ തടി ഡിപ്പോയിൽ ചില്ലറ വില്പന വഴി വിൽക്കുന്ന തടികൾ വാങ്ങാൻ വന്ന പൊതുജനങ്ങൾ ഉത്തമ വിശ്വാസത്തോടെ നൽകിയ രേഖകൾ ദുരുപയോഗം ചെയ്ത് ഡിപ്പോയിൽ ചില്ലറ വില്പനയ്ക്ക് വച്ചിരുന്ന തടികൾ കടത്തിക്കൊണ്ടുപോയി മറ്റു വില്പന നടത്തി.

2) സർക്കാർ താല്പര്യങ്ങൾക്ക് വിരുദ്ധമായി, ഡിപ്പോയിൽ തടി വാങ്ങാൻ വരുന്നവരെ തെറ്റിദ്ധരിപ്പിച്ച് അവർക്ക് ന്യായമായി ലഭിക്കേണ്ട തടി അന്യായമായി സ്വന്തമാക്കി തടി വില്പന നടത്തി.

3) അരുവാക്കോട് ഡിപ്പോയിൽ ലഭിച്ച രേഖകളിൽ കൃത്രിമം കാണിച്ച് നെടുങ്കയം ഡിപ്പോയിൽ ഹാജരാക്കി ചില്ലറ വില്പനയ്ക്ക് വച്ചിരുന്ന തടികൾ വാങ്ങിച്ച് മറുകച്ചവടം നടത്തി സ്വാർത്ഥലാഭം ഉണ്ടാക്കി.

4) കൃത്രിമ രേഖകൾ ഉപയോഗിച്ച് തടികൾ നീക്കം ചെയ്യുകയും നിയമാനുസൃതം ഒടുക്കേണ്ട ആദായനികുതി ഒടുക്കാതെ സർക്കാരിന് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുത്തി.

5) പൊതുജനങ്ങൾക്ക് വീട് വയ്ക്കുന്നതിന് മിതമായ വിലയ്ക്ക് തടി നൽകുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ജനോപകാരപ്രദമായ ചില്ലറതടി വിൽപ്പന ദുരുപയോഗം ചെയ്യുകവഴി വനം വകുപ്പിനെ പൊതുജന മദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തുകയും സർക്കാർ നയത്തിനെതിരെ പ്രവർത്തിക്കുകയും ചെയ്തു.

6) മേൽ പ്രവർത്തികൾ ഗുരുതരമായ ഔദ്യോഗിക കൃത്യവിലോപവും അച്ചടക്കലംഘനവും ഔദ്യോഗിക പദവിയുടെ ദുരുപയോഗവുമാണ്.

3) മേൽ വിഷയം സംബന്ധിച്ചുള്ള ഔപചാരികാന്വേഷണത്തിൽ ടിയാൻമാർക്കെതിരെയുള്ള എല്ലാ ചാർജ്ജുകളും തെളിയുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ശ്രീ.കെ.കൃഷ്ണഗിരീശനെതിരെ CR.1315/14 നമ്പരായി നിലമ്പൂർ പോലീസ് സ്റ്റേഷനിൽ ക്രിമിനൽ കേസും ഫയൽ ചെയ്യുകയുണ്ടായി. അതേ തുടർന്ന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 V(എ) പ്രകാരം ശ്രീ.കെ.കൃഷ്ണഗിരീശന്റെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

4) സർക്കാർ ഓഫീസിൽ ലഭിച്ച രേഖകളിൽ കൃത്രിമത്വം കാണിച്ച് ഡിപ്പോയിൽ തടി വാങ്ങാൻ വരുന്നവരെ തെറ്റിദ്ധരിപ്പിച്ച് അവർക്ക് ന്യായമായി ലഭിക്കേണ്ട തടി അന്യായമായി സ്വന്തമാക്കി മറു കച്ചവടം നടത്തി സ്വാർത്ഥ ലാഭം ഉണ്ടാക്കുകയും വനംവകുപ്പിനെ പൊതുജന മദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തുകയും ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും ഔദ്യോഗിക പദവിയുടെ ദുരുപയോഗവും നടത്തിയതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിലയിരുത്തുകയും സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം (2) പ്രകാരം അപ്രകാരം ഉപദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ പരാമർശം (3) പ്രകാരം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 V(എ) പ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ഉത്തരവായിരുന്നു.

5) ഈ ഉത്തരവിനെതിരെയാണ് പരാമർശം (4) പ്രകാരം ടിയാൻ പുനരവലോകന ഹർജി സമർപ്പിച്ചിരിക്കുന്നത്.

6) ഒ.എ.(ഇകെഎം) 1806/2016 നമ്പർ കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.12.2016 വിധിന്യായത്തിൽ 2016 ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയോട് പരിഗണിക്കുവാനാവ ശ്യപ്പെട്ടിരുന്നുവെന്നും, എന്നാൽ പരാമർശം (3) പ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞതിനാൽ 2017 ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യിൽ ടിയാനെ പരിഗണിച്ചില്ല എന്നും, ഇൻക്രിമെന്റ് തടഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നിരസിക്കുന്നത്, ടിയാന്റെ ജീവിതത്തിൽ നികത്താൻ പറ്റാത്ത നഷ്ടം ഉണ്ടാക്കുമെന്നും, അതിനാൽ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പുനരവലോകനം ചെയ്തത് ആയതിലെ ശിക്ഷ റദ്ദാക്കി ടിയാനെ കുറ്റവിമുക്തനാക്കണമെന്നും അപ്രകാരം ടിയാനെ 2017 ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യിൽ പരിഗണിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

7) ശ്രീ.കെ.കൃഷ്ണഗിരീശൻ സമർപ്പിച്ച പുനരവലോകന ഹർജി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു.

8) അരുവാക്കോട് തടി ഡിപ്പോയിൽ ചില്ലറ തടി വിൽപ്പനയുടെ പേരിൽ ക്രമക്കേടുകൾ നടത്തിയതു സംബന്ധിച്ച് പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പ്രാഥമികാന്വേഷണത്തിൽ കുറ്റകൃത്യം വ്യക്തമായി തെളിയുകയും ആയതിനു ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ അരുവാക്കോട് റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.കെ.കൃഷ്ണഗിരീശന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച ഉണ്ടായതിനാൽ ടിയാനു കുറ്റപത്രം നൽകുകയും ടിയാന് സ്വാഭാവിക നീതി അനുവദിക്കുന്നതിനായി ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും, ഔപചാരികാന്വേഷണ റിപ്പോർട്ടിൽ ടിയാനെതിരെ എല്ലാ ചാർജ്ജുകളും തെളിഞ്ഞതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം കണക്കിലെടുത്തുകൊണ്ടാണ് പരാമർശം (3) പ്രകാരം മൂന്നു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞു കൊണ്ട് ഉത്തരവായിരുന്നു .

9) ശ്രീ.കൃഷ്ണഗിരീശൻ പുനരവലോകന ഹർജി സമർപ്പിച്ചിട്ടുള്ളത് 18.09.2017 ലാണ്. അതായത് ഉത്തരവു കൈപ്പറ്റി ഏതാണ്ട് ഒന്നേകാൽ വർഷത്തിനു ശേഷമാണ്. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ഭാഗം VII ചട്ടം 37 പ്രകാരം പുനരവലോകനത്തിനുള്ള യാതൊരപേക്ഷയും, ഉത്തരവു പാസ്സാക്കുന്ന

തീയതി മുതൽ ഒരു മാസ കാലാവധി കഴിഞ്ഞതിന് ശേഷം സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നു മാത്രമല്ല, ഈ ചട്ടപ്രകാരം പുനരവലോകനം ചെയ്യേണ്ട ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷം കഴിഞ്ഞാൽ യാതൊരു നടപടിയും ആരംഭിക്കുവാൻ പാടില്ലാത്തതാകുന്നു" എന്നും വ്യക്തമാക്കിയിട്ടുണ്ട്.

10) ശ്രീ.കെ.കൃഷ്ണഗിരീശനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത് 24.06.2016 ലാണ്. അന്നുതന്നെ പ്രസ്തുത ഉത്തരവ് ടിയാന് ലഭിച്ചിട്ടുമുണ്ട്, മാത്രവുമല്ല ശ്രീ.കെ.കൃഷ്ണഗിരീശനെതിരെ ശിക്ഷ നൽകിയിരിക്കുന്നതു 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടാണ് എന്നും കാണുന്നു. ഒരാൾ സർവ്വീസിലിരിക്കെ ചെയ്ത കുറ്റത്തിന് നൽകിയ ആനുപാതികമായ ശിക്ഷയിൽ നിന്നും അയാളുടെ പ്രൊമോഷൻ തടസ്സപ്പെട്ടുന്നു എന്ന കാരണത്താൽ കുറ്റവിമുക്തനാക്കുന്നതു 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളുടെ ലംഘനമാണെന്നും സർക്കാർ വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത ചട്ടങ്ങളിലെ ഭാഗം VII ചട്ടം 37 പ്രകാരം ശ്രീ.കെ.കൃഷ്ണഗിരീശൻ സമർപ്പിച്ചിട്ടുള്ള പുനരവലോകന ഹർജി പരിഗണനാഹർമല്ല ആയതിനാൽ നിരസിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.കെ.കൃഷ്ണഗിരീശൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ